**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 165** **07-06-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമ വികസന വകുപ്പിന് കീഴിലുള്ള വികസന പരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമ വികസന വകുപ്പിന് കീഴിൽ എവിടെയെല്ലാമാണ് വികസന പരിശീലന കേന്ദ്രങ്ങൾ ഉള്ളതെന്ന് അറിയിക്കുമോ; ഇവയ്ക്ക് കേന്ദ്ര സർക്കാർ എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഗ്രാമ വികസന വകുപ്പിന് കീഴിൽ നിലവിൽ കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് , എന്നിവിടങ്ങളിലാണ് വികസന പരിശീലന കേന്ദ്രങ്ങൾ ഉള്ളത്. പരിശീലന പ്രവർത്തനങ്ങൾക്കായി വർഷാ വർഷം റെക്കറിംങ് ഗ്രാന്റും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നോൺ റെക്കറിംങ് ഗ്രാന്റും ലഭിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പരിശീലന കേന്ദ്രങ്ങൾ സർക്കാർ വകുപ്പിൽ നിന്നും ഒഴിവാക്കുന്നതിനോ നിർത്തലാക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ; ഇത് കേന്ദ്ര സർക്കാർ ഫണ്ട് ലഭ്യതയെ ഏതു വിധത്തിലാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഗ്രാമവികസന വകുപ്പിന് കീഴിലുള്ള പ്രസ്തുത പരിശീലന കേന്ദ്രങ്ങൾ 13.02.2017 ലെ സ.ഉ.(എം.എസ്) നമ്പർ 34/2017/ത.സ്വ.ഭ. വ, 24.02.2021 ലെ സർക്കാർ ഉത്തരവ് (കൈ).നം.65/2021/ത.സ്വ.ഭ.വ.എന്നീ ഉത്തരവുകൾ പ്രകാരം കിലയുമായി സംയോജിപ്പിച്ച് ഇവയുടെ അക്കാഡമിക്- ഭരണപരമായ പ്രവർത്തനങ്ങൾ നിലവിൽ കിലയുടെ നിയന്ത്രണത്തിലാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തെ ഇത് യാതൊരു വിധത്തിലും ബാധിക്കുന്നതല്ല . നിലവിൽ പരിശീലനങ്ങളുടെ നടത്തിപ്പിലേക്കായി റെക്കറിംഗ് ഗ്രാന്റ് എന്ന ശീർഷകത്തിൽ ധനസഹായം ലഭ്യമാകുന്നുണ്ട്. |
| (സി) | പുതിയ വികസന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | കോതമംഗലത്ത് പുതിയൊരു പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനു വേണ്ടി പ്രപ്പോസൽ ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതിക്കായി 2020-21 , 2021-22 ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ആവശ്യം പരിഗണിച്ചിട്ടില്ല. |
| (ഡി) | ഗ്രാമീണ ജനങ്ങൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകിവരുന്ന വികസന പരിശീലന കേന്ദ്രങ്ങൾ | (ഡി) | തത്കാലം പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ